# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**29.10.2019 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **599**

## ആലപ്പാട്ട് വെള്ളനാ തുരുത്തിലെ ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഐ.ആർ.ഇ. നടത്തുന്ന ഖനനം സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം വിശദീകരിക്കുമോ; | (എ) ആലപ്പാട്ട് പ്രദേശത്തെ കരിമണൽ ഖനനം നിരീക്ഷിക്കുന്നതിന് കൊല്ലം ജില്ലാകളക്ടർ ചെയർമാനായി സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ധർ എന്നിവർ ഉൾപ്പെട്ട പ്രാദേശിക മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും, വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം. ടി സമിതി ഖനനപ്രവർത്തനം വിലയിരുത്തുന്നതിനായി 16.02.2019, 30.07.2019, 19.09.2019 തീയതികളിൽ യോഗം ചേർന്നിരുന്നു. പ്രദേശത്തെ ജനങ്ങൾക്ക് ദോഷം വരാത്തതരത്തിലുള്ള ഖനനം സാധ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഐ.ആർ.ഇ യ്ക്ക് മേൽനോട്ട സമിതി നൽകുന്നുണ്ട്. |
| (ബി) ഇവിടെ തീരസംരക്ഷണത്തിനുവേണ്ടി ഐ.ആർ.ഇ. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) 1. മദ്രാസ് ഐ.ഐ.ടി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരം സംരക്ഷിക്കുന്നതിനായി ഗ്രോയിൻ ഫീൽഡ് നിർമ്മിക്കാൻ ജലസേചന വകുപ്പും ഐ.ആർ.ഇയുമായി ധാരണയായതിൻ പ്രകാരം ഏകദേശം 65% ജോലികൾ പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2. വെള്ളാനതുരുത്തിലെ തകർന്ന കടൽഭിത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഏകദേശം 60% ജോലികൾ പൂർത്തീകരിച്ചതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>3. കരിമണൽ ഖനനം ചെയ്ത് അതിലെ ഹെവി മിനറൽസ് വേർതിരിച്ചെടുത്തതിനുശേഷമുള്ള മണൽ ഉപയോഗിച്ച് ഖനന സ്ഥലം നികത്തി പൂർവ്വ സ്ഥിതിയിലാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഐ.ആർ.ഇ. നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ? | (സി) | 1. മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിലേക്ക് ഐ.ആർ.ഇ. പ്രതിവർഷം 37.5 ലക്ഷം രൂപ നൽകുന്നുണ്ട്.<br>2. ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ (DMF) ഫണ്ടിലേക്ക് റോയൽറ്റി തുകയുടെ 30% ഒടുക്കി വരുന്നു.<br>3. ഖനന പ്രദേശത്തുള്ള കാൻസർ രോഗികൾക്ക് ധനസഹായമായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br>4. അങ്കണവാടികളിലെ കുട്ടികളുടെ പഠനാവശ്യങ്ങൾക്കായി 2 ലക്ഷം രൂപ നൽകി.<br>5. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ബോട്ട് ജെട്ടിയുടെ നിർമ്മാണത്തിനായി 21,80,768/- രൂപയുടെ പദ്ധതിയുണ്ട്.<br>6. കുടിവെള്ള വിതരണത്തിനായി 12 ലക്ഷം രൂപയുടെ പദ്ധതിയുണ്ട്.<br>7. രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 2 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയുണ്ട്.<br>8. കമ്പനിയുടെ ചെലവിൽ വെള്ളനാതുരുത്തിൽ ഒരു ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഖനന മേഖലയിലെ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**